**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 865** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മൽസ്യതൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. എം. വിൻസെന്റ് | ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ |
| ശ്രീ. സി. ആർ. മഹേഷ് | (മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി) |
| ശ്രീ. കെ. പി. നൗഷാദ് അലി | |
| ശ്രീ. എ. ഡി. തോമസ് | |

**(എ)** പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നൽകുന്ന മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത് മൂലം മൽസ്യതൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന PDS മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത് മത്സ്യതൊഴിലാളികൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. എന്നാൽ മത്സ്യഫെഡ് മുഖേന വിതരണം ചെയ്യുന്ന വെള്ള മണ്ണെണ്ണയുടെ വിഹിതം വെട്ടിക്കുറച്ചിട്ടില്ല.

**(ബി)** മണ്ണെണ്ണയുടെ വിപണി വില വർദ്ധിച്ചിട്ടും സബ്സിഡി ഇനത്തിൽ ആനുപാതികമായ വർധന വരുത്തുവാൻ മുൻ സർക്കാർ തയാറാകാതിരുന്നത് പ്രതിസന്ധി രൂക്ഷമാക്കിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ ആശ്വാസ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മണ്ണെണ്ണ സബ്സിഡി ലിറ്ററിന് 25/- രൂപ നിരക്കിൽ നിന്ന് ലിറ്ററിന് 50/- രൂപയായി വർധിപ്പിച്ച് 09/03/2026 ലെ സ. ഉ. (കൈ) നം.8/2026/എഫ് &പി പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് നടപ്പിലാക്കി വരുന്നു.

**(സി)** മത്സ്യബന്ധന വള്ളങ്ങളിലെ ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി പെട്രോളിന് പകരം എൽ.പി.ജി/സി.എൻ.ജി ഇന്ധനങ്ങൾ ഉപയോഗിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

**<u>മറുപടി:</u>** 19/10/2023 തീയതിയിലെ സ.ഉ.(സാധാ)നം.834/2023/എഫ്&പി പ്രകാരം (തിരുത്തൽ ഉത്തരവ് 06-11-2023 തീയതിയിലെ സ.ഉ.(സാധാ)നം.882/2023/എഫ്&പി)മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധ യാനങ്ങളിൽ നിലവിൽ ഉപയോഗിച്ച് വരുന്ന മണ്ണെണ്ണ എഞ്ചിനുകൾ എൽ. പി. ജി എൻജിനുകളാക്കുന്നതിനു 3.55 കോടി രൂപ (മൂന്ന് കോടി അൻപത്തി അഞ്ചു ലക്ഷം രൂപ മാത്രം) ചെലവ് വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി വഴി എൽ. പി. ജി കിറ്റിന്റേയും, സിലിണ്ടറിന്റെയും 25% ഗുണഭോക്തൃവിഹിതവും 75% സർക്കാർ വിഹിതവും എന്ന രീതിയിലാണ്

നടപ്പിലാക്കാൻ ഉത്തരവായിട്ടുള്ളത്. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്കായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. LPG ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ Standard Operating Procedure (SOP) 16/04/2025ൽ ലഭ്യമാവുകയും പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് LPG കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**